# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5663 — 29.07.2015-ൽ മറുപടിക്ക്

**മത്സ്യകർഷക വികസന ഏജൻസി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ഇ. ചന്ദ്രശേഖരൻ | | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | കാസർഗോഡ് ജില്ലയിലെ ഉൾനാടൻ ജലാശയങ്ങളിലും മറ്റ് ജലസ്രോതസ്സുകളിലും മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി രൂപീകരിച്ച മത്സ്യകർഷക വികസന ഏജൻസിയിൽ ആവശ്യത്തിന് ജീവനക്കാരില്ല എന്നതിനാൽ പ്രവർത്തനത്തിൽ പിന്നോക്കം പോകുന്ന എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | നിലവിൽ പ്രസ്തുത പദ്ധതിക്ക് അനുവദിച്ച സ്ഥിരം തസ്തികകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | സ്ഥിരം തസ്തിക അനുവദിച്ചിട്ടില്ല. നിലവിൽ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിലെ ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ, അസിസ്റ്റന്റ് എക്സ്റ്റൻഷൻ ഓഫീസർ, ഫിഷറീസ് സബ് ഇൻസ്പെക്ടർ, ഫിഷർമാൻ കം വാച്ച്മാൻ എന്നീ ജീവനക്കാരുടെ സേവനം ഉപയോഗിച്ചാണ് മത്സ്യകർഷക വികസന ഏജൻസിയുടെ പ്രവർത്തനം നടത്തി വരുന്നത്. |
| (സി) | മത്സ്യകർഷക വികസന ഏജൻസിയിൽ ഡെപ്യൂട്ടേഷൻ പോസ്റ്റുകൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | (സി) | പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ